**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **12-12-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പ്രളയബാധിതർക്ക് നൽകിയ സൗജന്യ അരിയുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018-ലെ പ്രളയബാധിതർക്ക് സംസ്ഥാന സർക്കാർ മുഖേന സൗജന്യമായി നൽകിയ അരിയുടെ വില അടിയന്തരമായി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2018 ലെ പ്രളയ ദുരിതാശ്വാസത്തിനായി കേരളത്തിന് 89540 മെട്രിക് ടൺ അരി കേന്ദ്രം അധികമായി അനുവദിച്ചിരുന്നു. അധികം അരി കേന്ദ്രം അനുവദിച്ച ഇനത്തിൽ 205,80,57,232/- രൂപ (ഇരുന്നൂറ്റി അഞ്ച് കോടി എൺപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 19/09/2019 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019 ലെ പ്രളയം, കോവിഡ് 19 എന്നിവ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ വളരെയധികം ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തുക നൽകുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറി 24/09/2020, 07/07/2021, 22/11/2021 എന്നീ തീയതികളിലെ കത്തുകൾ പ്രകാരവും, മുഖ്യമന്ത്രി 21/05/2022 ലെ കത്ത് പ്രകാരവും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇത് സംബന്ധിച്ച് അനുകൂല നിലപാട് കൈക്കൊള്ളാത്ത സാഹചര്യത്തിൽ 2018 ലെ പ്രളയത്തിൽ അധികം അരി വിതരണം ചെയ്ത ഇനത്തിൽ 205,80,57,232/- രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിന് 29/11/2022 ലെ സഉ(സാധാ)നം.847/2022/ ഡിഎംഡി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ദുരന്തകാലത്ത് സഹായിക്കുന്നതിലും വികസന പദ്ധതികൾ അനുവദിക്കുന്നതിലും കേന്ദ്ര സർക്കാർ വിവേചനം പുലർത്തുന്നതായുള്ള ആശങ്കകൾക്ക് അടിസ്ഥാനമുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ദുരന്ത സാഹചര്യങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്ക്, സംസ്ഥാനത്തിന്റെ തുടർച്ചയായ അഭ്യർത്ഥനകൾ അവഗണിച്ചുകൊണ്ട് വില ഈടാക്കുന്നത് അനുഭാവപൂർണ്ണമായ സമീപനമല്ല. |

| | | | |
|---|---|---|---|
| (സി) | വിവിധ വികസന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെ മുൻഗണനാടിസ്ഥാനത്തിൽ നാല് ബാച്ചുകളായി തരംതിരിച്ചിട്ടുണ്ട്. അതിലെ ഓരോ ബാച്ചുകളിലെ ഓരോരോ പദ്ധതികളുടെയും അവലോകനം മുഖ്യമന്ത്രി നേരിട്ട് നടത്തുകയും, പുരോഗതിയുടെ അടിസ്ഥാനത്തിൽ അവ നടപ്പിലാക്കുന്നതിനുള്ള തുടർ നിർദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. 30/07/2021ലെ സഉ(സാധ) നം.322/2021/ പി.&ഇ.എ. പ്രകാരം ജില്ലാ വികസന കമ്മീഷണർമാർക്ക്(DDC) അവരവരുടെ ജില്ലകളിലുള്ള മുൻഗണനാ പദ്ധതികളുടെ സസൂക്ഷ്മ നിരീക്ഷണത്തിനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ, ടി പദ്ധതികളുടെ നടത്തിപ്പിൽ സർക്കാരിന്റെ നേരിട്ടുള്ള ഇടപെടലോ/ തീരുമാനമോ ആവശ്യമായി വരുന്ന വിഷയങ്ങൾ ജില്ലാ കളക്ടർ മുഖാന്തരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 26/02/2022-ലെ സഉ(സാധാ) നം.18/2022/പി.ഐ.ഇ.&എം.ഡി. പ്രകാരം, കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു പദ്ധതി നിർവഹണ സെൽ (PIC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവഹണ സെല്ലും, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും ചേർന്ന് മുൻഗണനാ പദ്ധതികളുടെ ഒരു സംയോജിത നിരീക്ഷണവും, അവലോകനവും നടത്തിവരുന്നു. പ്രസ്തുത അവലോകനത്തിൽ മുൻഗണനാ പദ്ധതികളുമായി ബന്ധപ്പെട്ട<br>വകുപ്പുകൾ തമ്മിലുള്ള തർക്കവിഷയങ്ങളും, നയപരമായ തീരുമാനങ്ങൾ ആവശ്യമായ കാര്യങ്ങളും ചീഫ് സെക്രട്ടറി തലത്തിൽ പരിശോധിച്ച് പരിഹരിക്കാൻ തക്ക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പദ്ധതികളുടെ നിരീക്ഷണവും, അവലോകനവും മുഖ്യമന്ത്രിയുടെ പദ്ധതി നിർവഹണ സെല്ലും (PIC), വകുപ്പുകളിലെ നോഡൽ ഓഫീസർമാരും, ജില്ലാതലത്തിൽ ജില്ലാ വികസന കമ്മീഷണർമാരും,പദ്ധതി നിർവ്വഹണ നിരീക്ഷണ വകുപ്പും യഥാസമയം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ